DCKTM/2717/2020-DM1

**ജില്ലാ കളക്ടറുടെ കാര്യാലയം ,കോട്ടയം**

ഫോൺ : 04812562201, ഫാക്സ് 04812303303

ഇ മെയിൽ : collectoratektm.ker.nic.in

തീയതി : 28/04/2020

---

ജില്ലാ കളക്ടർ
കോട്ടയം

എല്ലാ നഗരസഭ സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , മുഖാന്തിരം)

സർ,

**വിഷയം: കോവിഡ് 19- കോട്ടയം ജില്ല – റെഡ് സോണായി പ്രഖ്യാപിച്ചത് - നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

സൂചന: ഈ കാര്യാലയത്തിലെ 27.04.2020 ലെ ഇതേ നം. ഉത്തരവ് .

കോട്ടയം ജില്ലയിൽ കോവിഡ് 19 പോസിറ്റീവ് കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റെഡ് സോണായി പ്രഖ്യാപിച്ചിട്ടുള്ള ജില്ലയിൽ റെഡ് സോണിലും, ഹോട്ട് സോണുകളിലും , കണ്ടെയിൻമെന്റ് സോണുകളിലും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏർപ്പാടാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട് പ്രസ്തുത ഉത്തരവിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കൊപ്പം താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാരുടെ ഉത്തരവാദിത്വത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1. കമ്മ്യൂണിറ്റി കിച്ചനുകളുടെ പ്രവർത്തനം.
2. കണ്ടെയിൻമെന്റ് സോണുകളിൽ ഭക്ഷ്യ വസ്തുക്കൾ അവശ്യ മരുന്നുകൾ എന്നിവ ആവശ്യമുള്ളവർക്ക് സന്നദ്ധ സേവകർ മുഖേന വീടുകളിൽ നേരിട്ട് എത്തിച്ചു നൽകുക
3. കണ്ടെയിൻമെൻറ് സോണുകളിലുള്ളവർക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരു സഹായ കേന്ദ്രം സ്ഥാപിക്കേണ്ടതും ടി കേന്ദ്രത്തിലെ ടെലി ഫോൺ നമ്പർ ടി സോണിലുള്ളവരെ അറിയിക്കേണ്ടതുമാണ്.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള അവശ്യ സർവ്വീസുകളായ കുടിവെള്ള വിതരണം മുടക്കം കൂടാതെ നടത്തുന്നതിനുള്ള ക്രമീകരണം.
5. ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ചിട്ടുള്ള പഞ്ചായത്തുകളിൽ / മുനിസിപ്പൽ വാർഡുകളിൽ കോവിഡ് ജാഗ്രതാ അനൗൺസ്മെൻറ് നടത്തുക.
6. പോലീസ് നിർണ്ണയിക്കുന്ന കണ്ടെയിൻമെൻറ് സോണുകളുടെ അതിർത്തികളിൽ ബാരിക്കേഡുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

7. കണ്ടെയിന്റ്മെന്റ് സോണുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മാപ്പിൽ രേഖപ്പെടുത്തി സോഫ്റ്റ് കോപ്പി dmdktm@gmail.com എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
8. കണ്ടെയിന്റ്മെന്റ് സോണിലുള്ള വീടുകളുടേയും ജനങ്ങളുടേയും കണക്ക് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള രേഖകൾ പ്രകാരം - ഇതിനായി പ്രത്യേത വിവര ശേഖരണം നടത്തേണ്ടതില്ല.) ശേഖരിച്ച് dmdktm@gmail.com എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

വിശ്വസ്തതയോടെ ,

ജില്ലാ കളക്ടർ

ഉള്ളടക്കം ഃ
സൂചന ഉത്തരവിന്റെ പകർപ്പ്ഃ-